# കേരള സർവകലാശാല

നം. പി.ആർ.277/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ജനുവരി 25 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി മൂന്ന് (50 രൂപ പിഴയോടെ ജനുവരി അഞ്ച്, 125 രൂപ പിഴയോടെ ജനുവരി എട്ട്) വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

## കമ്മ്യൂണിക്കേറ്റീവ് അറബിക് – 2018 ജനുവരി – ബാച്ച്

കേരള സർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന കമ്മ്യൂണിക്കേറ്റീവ് അറബിക് സർട്ടിഫിക്കറ്റ് കോഴ്സിന്റെ 2018 ജനുവരിയിൽ തുടങ്ങുന്ന ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴ്സ് ഫീസായ 6000/- (ആറായിരം) രൂപ കെ.യു.എഫിൽ അടച്ച് രസീത് ഉൾപ്പടെ അറബിക് വിഭാഗത്തിൽ അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷാ ഫോമും വിശദവിവരങ്ങളും അറബി വിഭാഗത്തിന്റെ ലിങ്കിൽ ലഭ്യമാണ്. വിളിക്കേണ്ട നമ്പർ 9446827141. സീറ്റുകൾ –15. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 29.

## റിസർച്ച് അസോസിയേറ്റ്, ജൂനിയർ/സീനിയർ റിസർച്ച് ഫെലോ ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ബയോടെക്നോളജി പഠനവകുപ്പിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജിയിൽ റിസർച്ച് അസോസിയേറ്റ് (നാല്), ജൂനിയർ/സീനിയർ റിസർച്ച് ഫെലോ (രണ്ട്) ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ഫങ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഫലം

കേരള സർവകലാശാല ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് നവംബറിൽ നടത്തിയ ഫങ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. മുരുകേശ്വരി.എം ഒന്നാം റാങ്ക് നേടി.

## സമ്പർക്ക ക്ലാസ്സുകൾ മാറ്റിവച്ചു

കേരള സർവകലാശാലയുടെ വിദൂരപഠന വിഭാഗം കൊല്ലത്ത് വച്ചു നടത്തുന്ന ബി.എ/ബി.കോം സമ്പർക്ക ക്ലാസ്സുകൾക്ക് ഡിസംബർ 23, 24 തീയതികളിൽ അവധിയായിരിക്കും. തുടർന്നുള്ള ക്ലാസ്സുകൾ 30, 31 ന് നടക്കും.

## ബി.ആർക്ക് ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ പത്താം സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
21.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**